LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂർ മണ്ഡലത്തിലെ ഫിഷറീസ് റോഡ് നവീകരണം

306(1052) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിൽ വരുന്ന കുണിയൻ-എടാട്ടുമ്മൽ (ഫിഷറീസ് റോഡ്) നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നിർമ്മാണപ്രവൃത്തി നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത്.

(സി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

മേൽ കരാർ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരാർ റദ്ദു ചെയ്തശേഷം ആദ്യ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ദർഘാസ് ക്ഷണിച്ച് ബാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി

307(1053) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നിന്നുള്ള ഏതെല്ലാം റോഡുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നിന്നുള്ള റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	റോഡിന്റെ പേര്	എസ്റ്റിമേറ്റ് തുക (ലക്ഷം)
1	പെരുമണ്ണ പഞ്ചായത്തിലെ വാർഡ് നം.1-ലെ കണ്ണംചിന്നം പാലം മാമ്പുഴ പാലം റോഡിന്റെ വികസന പ്രവൃത്തി	54.60 ലക്ഷം
2	ഒളവണ്ണ പഞ്ചായത്തിലെ വാർഡ് നം.3-ലെ മൂഴയിൽ പാലം-കൂടത്തുംപാറ ജംഗ്ഷൻ റോഡിന്റെ വികസന പ്രവൃത്തി	62.70 ലക്ഷം

ഫണ്ടിന്റെ ലഭ്യത കൂടി പരിഗണിച്ച് ഭരണാനുമതി നൽകുന്നത് പരിശോധിച്ചു വരുന്നു.

മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ

308(1054) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ മത്സ്യഫെഡിന്റെ നേരിട്ട് നിയന്ത്രണമുള്ള ഫിഷ് മാർട്ടുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ മത്സ്യഫെഡിന്റെ നേരിട്ട് നിയന്ത്രണമുള്ള ഫിഷ് മാർട്ടുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. കോഴിക്കോട് ജില്ലയിൽ അരയിടത്തുപാലം, തിരുവണ്ണൂർ എന്നിവിടങ്ങളിൽ മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിന് മലപ്പുറം ജില്ലയിൽനിന്നും ഇതുവരെ ലഭിച്ച അപേക്ഷകളുടെയും താൽപ്പര്യപത്രങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചുവെന്നും അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ ചുവടെ പറയുന്ന സഹകരണ ബാങ്ക്/സംഘം എന്നിവിടങ്ങളിൽ നിന്നും ഫ്രാഞ്ചൈസി മാർട്ടുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

1. കാലിക്കറ്റ് യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ്, തേഞ്ഞിപ്പാലം-27-1-2021-ന് പ്രവർത്തനം ആരംഭിച്ചു (വള്ളിക്കുന്ന് നിയോജക മണ്ഡലം)

LIBRARY ARCHIVES Kerala Legislative Assembly